LIBRARY ARCHIVES Kerala Legislative Assembly

വൃദ്ധരെ പുനരധിവസിപ്പിക്കുന്നതിനായി സാമൂഹിക കേന്ദ്രം

317 (1791) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി പഞ്ചായത്തിലുള്ള നന്നിയിൽ വൃദ്ധരെ പുനരധിവസിപ്പിക്കുന്നതിനായി സാമൂഹിക കേന്ദ്രം നിർമ്മിക്കുന്നതു സംബന്ധിച്ച നടപടികളുടെ പുരോഗതി സാമൂഹ്യനീതി വകുപ്പിലെയും ജില്ലാ സാമൂഹ്യനീതി ഓഫീസിലെയും ബന്ധപ്പെട്ട ഫയലുകളുടെ പൂർണ്ണമായ പകർപ്പ് ലഭ്യമാക്കിക്കൊണ്ട് വിശദമാക്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൽ ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുള്ളത് എന്നത് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) തിക്കോടി ലൈറ്റ് ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം വകുപ്പിന് ലഭിക്കുന്നതിനായുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് നൽകുന്നതിനായി സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും ലഭ്യമാക്കുവാൻ വില്ലേജ് ആഫീസർക്ക് അപേക്ഷിച്ചപ്പോൾ ടി സ്ഥലം കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്ന് ബോദ്ധ്യപ്പെട്ടുകയുണ്ടായി. ഈ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ റവന്യൂ വകുപ്പുമായി ആലോചിച്ച് ചെയ്യുന്നതാണ്. ഈ വിഷയം സംബന്ധിച്ച സെക്രട്ടറിയേറ്റിലെ സാമൂഹ്യനീതി വകുപ്പിലെ ഫയലിന്റെ പകർപ്പും സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ഫയലിന്റെ പകർപ്പും ജില്ലാ സാമൂഹ്യനീതി ഓഫീസിലെ ഫയലിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.*

നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയ അംഗൻവാടികളുടെ നിർമ്മാണം

318 (1792) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടക്കുന്ന അംഗൻവാടികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് പുതിയ അംഗൻവാടികളെ തെരഞ്ഞെടുത്തിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.